# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1126 10.08.2017 -ൽ മറുപടിക്ക്

### തമിഴ് ന്യൂനപക്ഷ മേഖലകളിലെ സ്കൂളുകളിൽ മലയാളം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കൃഷ്ണൻകുട്ടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>ശ്രീ.കോവൂർ കുഞ്ഞുമോൻ<br>ശ്രീ.കെ.ബി.ഗണേഷ് കുമാർ | പ്രൊഫ.സി.രവീന്ദ്രനാഥ്<br>( വിദ്യാഭ്യാസ വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ | മലയാള പഠനം നിർബന്ധമാക്കിയ സാഹചര്യത്തിൽ തമിഴ് ന്യൂനപക്ഷ മേഖലകളിലെ സ്കൂളുകളിൽ മലയാളം അധ്യാപക തസ്തികകൾ സൃഷ്ടിക്കപ്പെടേണ്ടത് സംബന്ധിച്ച തീരുമാനം വ്യക്തമാക്കാമോ; | എ | മലയാളം പഠിപ്പിക്കേണ്ടാത്ത സ്കൂളുകളിൽ ഒന്നാംതരം മുതൽ (സ്കൂളിലെ ഏറ്റവും താഴ്ന്ന ക്ലാസ്സ് മുതൽ) ക്രമാനുഗതമായി പത്താം തരം വരെ മലയാളഭാഷ പഠിപ്പിക്കുവാനാണ് മലയാളഭാഷാ പഠന ആക്ട് വിഭാവന ചെയ്യുന്നത്. ഈ ആക്ടിനെ സംബന്ധിച്ച ചട്ടങ്ങളുടെ രൂപീകരണം അന്തിമ ഘട്ടത്തിലാണ്. അത് പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ മലയാള ഭാഷാ പഠനത്തിനുള്ള തസ്തികകൾ സൃഷ്ടിക്കുന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളുകയുള്ളൂ. |
| ബി | തമിഴ് ന്യൂനപക്ഷ മേഖലകളിലെ സ്കൂളുകളിൽ പ്രത്യേക മലയാളം പഠന മോഡ്യൂളുകൾ തയ്യാറാക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | ബി | 'നമ്മുടെ മലയാളം' എന്ന പേരിൽ ഒന്നാം ക്ലാസ്സിലെ കുട്ടികൾക്കായി മലയാള പഠനത്തിന് ഒരു പാഠപുസ്തകം തയ്യാറാക്കിയിട്ടുണ്ട്. ഇതിനോടൊപ്പം ഒരു അധ്യാപക സഹായിയും ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ